# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *392    25/06/2019-ൽ മറുപടിക്ക്

## ഖാദർ കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| **ഡോ.എൻ. ജയരാജ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ**<br>**,, മോൻസ് ജോസഫ്**<br>**,, സി.എഫ്.തോമസ്** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഖാദർ കമ്മിറ്റി റിപ്പോർട്ട് പ്രകാരം എൻ.സി.ഇ.ആർ.ടി സിലബസിലുള്ള പാഠപുസ്തകങ്ങൾ മാതൃഭാഷയിലാക്കുന്നതിനും ആയത് പഠിപ്പിക്കുന്നതിനുമുള്ള നീക്കം സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ; | എ) ഹയർസെക്കണ്ടറി പാഠപുസ്തകങ്ങളുടെ മലയാള പരിഭാഷ ലഭ്യമാക്കുന്നതിന്റെ ഭാഗമായി എൻ.സി.ഇ.ആർ.ടി. നിലവിൽ പല പാഠപുസ്തകങ്ങളും പരിഭാഷപ്പെടുത്തിയിട്ടുണ്ട്. മാതൃഭാഷയിൽ കൂടി ആശയഗ്രഹണം നടത്തുന്നതിന് വിദ്യാർത്ഥികൾക്ക് അവസരം നൽകണമെന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| ബി) നിലവിലെ ഹയർ സെക്കന്ററി അധ്യാപകരുടെ യോഗ്യതയിൽ ഇളവ് അനുവദിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | ബി) ഹയർ സെക്കന്ററി അധ്യാപകരുടെ യോഗ്യതയിൽ ഇളവ് നൽകുന്നതല്ല. |
| സി) ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ രണ്ടാംഭാഗം എന്നത്തേക്ക് പ്രസിദ്ധപ്പെടുത്തുമെന്ന് അറിയിക്കാമോ; | സി) ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ രണ്ടാം ഭാഗം ഇതേവരെ സമർപ്പിച്ചിട്ടില്ല. |
| ഡി) രാജ്യത്തെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായ ഘടനാമാറ്റം പ്രസ്തുത സംസ്ഥാനങ്ങളിലേക്ക് പഠനത്തിന് പോകുന്ന വിദ്യാർത്ഥികളെ ബുദ്ധിമുട്ടിലാക്കാൻ സാധ്യതയില്ലേ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | ഡി) എൽ.പി. മുതൽ ഹയർസെക്കണ്ടറി വരെയുള്ള അഞ്ച് ഘട്ടങ്ങൾ (എൽ.പി., യു.പി. എച്ച്.എസ്., എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ.) അതുപോലെതന്നെ നിലനിർത്തുവാനും അവയുടെ ഭരണപരമായ പ്രവർത്തനങ്ങളെ ഏകീകരിക്കുവാനും മാത്രമാണ് നിലവിലെ ഏകീകരണത്തിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. കൂടാതെ |

ഹയർസെക്കണ്ടറി അദ്ധ്യാപകർക്ക് അക്കാദമിക രംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ കഴിയുമെന്നതിനാൽ കൂടുതൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് ലഭ്യമാകുകയും ചെയ്യും. കുട്ടികൾക്ക് യാതൊരു ബുദ്ധിമുട്ടും ഇത് ഉണ്ടാക്കുകയില്ല.

ഇ) ഈ റിപ്പോർട്ട് നടപ്പാക്കുന്നതിലൂടെ വിദ്യാഭ്യാസ മേഖലയിൽ നിയമന നിരോധനം ഉണ്ടാകുമെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നതിൽ യാഥാർത്ഥ്യമുണ്ടോ; വ്യക്തമാക്കുമോ?

ഇ) റിപ്പോർട്ട് നടപ്പാക്കുന്നതിലൂടെ നിയമന നിരോധനം ഉണ്ടാകുകയില്ല.

സെക്ഷൻ ഓഫീസർ